കീഴ്‌വായ്പൂർ പോലീസ് സ്റ്റേഷൻ ക്രൈം 328/2015, 400/2015, 399/2016 കേസ്സുകളിലെ മുഖ്യപ്രതി കാളിമുത്തു-38 (ലക്ഷ്മണത്തേവർ വീട്, പനവല്ലിച്ചത്രം പി.ഒ, ശങ്കരൻകോവിൽ, തിരുനെൽവേലി) അറസ്റ്റിൽ. കീഴ്‌വായ്പൂർ പോലീസ് സബ് ഇൻസ്പെക്ടർ ബി. രമേശൻറെ നേതൃത്വത്തിലുള്ള സംഘമാണ് അറസ്റ്റ് ചെയ്തത്. അഡീ. എസ്.ഐ സോമനാഥൻനായർ, സിവിൽപോലീസ് ഓഫീസർമാരായ അജീഷ്കുമാർ, സലാംയൂസഫ് എന്നിവരും പോലീസ് സംഘത്തിലുണ്ടായിരുന്നു. പ്രതിയെ കോടതിമുമ്പാകെ ഹാജരാക്കി റിമാൻറു ചെയ്തു.

